**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1858** **02-02-2024 - ൽ മറുപടിയ്ക്ക്**

**കോഴി കൃഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കുഞ്ഞുങ്ങളുടെയും കോഴിത്തീറ്റയുടെയും വലിയ തോതിലുള്ള വിലക്കയറ്റത്തിൽ നിന്നും കോഴിക്കർഷകരെ സംരക്ഷിക്കാൻ ശാശ്വതമായ നടപടികൾ സ്വീകരിക്കുമോ; ഇതര സംസ്ഥാന ലോബികൾ നിയന്ത്രിക്കുന്ന കോഴികൃഷിയിൽ കേരളത്തിന്റ സാന്നിധ്യം ഉറപ്പാക്കാൻ ശക്തമായ നടപടികൾ സ്വീകരിക്കുമോ? | (എ) | **പൊതുമേഖലാ സ്ഥാപനങ്ങളായ കേരളാ ഫീഡ്സ് , കേരള സ്റ്റേറ്റ് പൗൾട്രി ഡവലപ്മെന്റ് കോർപ്പറേഷൻ, മൃഗസംരക്ഷണ വകുപ്പിനു കീഴിലുള്ള സെൻട്രൽ ഹാച്ചറി എന്നിവിടങ്ങളിൽ കോഴിത്തീറ്റ ഫാക്ടറികൾ ഉണ്ടെങ്കിലും അവ ആഭ്യന്തര വിതരണത്തിന് മാത്രമാണ് തീറ്റ ഉത്പാദിപ്പിക്കുന്നത്. എന്നാൽ വെറ്ററിനറി സർവകലാശാലയുടെ ഫീഡ് ഫാക്ടറിയിൽ നിന്നും പൊതുജനങ്ങൾക്ക് കോഴിത്തീറ്റ വിതരണം നടത്തുന്നുണ്ട്. ഇറച്ചി ഉത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് കേരളാ ചിക്കൻ പദ്ധതിയും, മുട്ട ഉത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പിന്റെ പൗൾട്ടറി ഫാമുകളിൽ നിന്നും മുട്ടക്കോഴി കുഞ്ഞുങ്ങളെ സർക്കാർ അംഗീകാരമുള്ള എഗ്ഗർ നഴ്സറി വഴി വളർത്തി സർക്കാരിന്റെ തന്നെ ജനകീയാസൂത്രണ പദ്ധതികളിൽ ഡിപ്പാർട്ടുമെന്റ് മുഖേനയും സർക്കാർ നിരക്കിൽ വിതരണം നടത്തി വരുന്നുണ്ട്.**<br><br>**കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ) കോഴിത്തീറ്റ വാണിജ്യാടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കുന്നില്ല. ഇതര സംസ്ഥാന ലോബികൾ നിയന്ത്രിക്കുന്ന കോഴിക്കൃഷിയിൽ കേരളത്തിന്റെ സാന്നിധ്യം ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നു. തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കോഴി പ്രജനന കേന്ദ്രത്തിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ കോൺട്രാക്ട് ഫാമിംഗ് പദ്ധതിയിലൂടെ കുടുംബശ്രീ യൂണിറ്റുകൾക്ക് വളർത്താൻ നൽകുകയും 45 ദിവസം പ്രായമാകുമ്പോൾ കെപ്കോ തന്നെ വിലക്കെടുത്ത് സ്വന്തം പ്രോസസ്സിംഗ് പ്ലാന്റിൽ സംസ്കരിച്ച് കോഴിയിറച്ചിയും, അനുബന്ധ ഉൽപ്പന്നങ്ങളുമാക്കി** |

കെപ്കോ ഏജൻസികൾ വഴി ഉപഭോക്താക്കൾക്ക് മിതമായ വിലയ്ക്ക് ലഭ്യമാക്കുന്നു. അതിനു പുറമെ ഇറച്ചിക്കോഴി കുഞ്ഞുങ്ങളെ ചെറുകിട കോഴിവളർത്തൽ കർഷകർക്ക് കുടപ്പനക്കുന്ന് ഹാച്ചറിയിൽ നിന്നും മിതമായ നിരക്കിൽ ലഭിക്കുന്നതും, കേരളാ ചിക്കൻ പദ്ധതിക്ക് ആവശ്യമായ ഇറച്ചിക്കോഴി കുഞ്ഞുങ്ങളെയും കെപ്കോയിൽ നിന്നും ലഭ്യമാക്കി വരുന്നു. കൂടാതെ, സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ കീഴിലുള്ള കൊട്ടിയം, മാള ഫാമുകളിൽ നിന്നും കർഷകർക്ക് ആവശ്യമുള്ള ഗ്രാമശ്രീ ഇനത്തിൽപ്പെട്ട മുട്ടക്കോഴി ക്കുഞ്ഞുങ്ങളെയും, ബി.വി-380 ഇനത്തിൽപ്പെട്ട മുട്ടക്കോഴിക്കുഞ്ഞുങ്ങളെയും ആവശ്യാനുസരണം മിതമായ നിരക്കിൽ നൽകി വരുന്നു. കോഴികൃഷി വ്യാപകമാക്കുന്നതിന്റെ ഭാഗമായി കോർപ്പറേഷൻ നടപ്പിലാക്കിയ വിവിധ പദ്ധതികളായ പട്ടികജാതി - പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള കോഴിവളർത്തൽ, നഗരപ്രിയ, വില്ലേജ് പൗൾട്രി, കെപ്കോ ആശ്രയ, കെപ്കോ വനിതാമിത്രം, കുഞ്ഞ് കൈകളിൽ കോഴിക്കുഞ്ഞ് ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ 100 കോഴിയും, കൂടും പദ്ധതി. തുടങ്ങിയവ കെപ്കോ വിജയകരമായി പൂർത്തിയാക്കി കഴിഞ്ഞു.

സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖല സ്ഥാപനമായ കേരള ഫീഡ്സ് ലിമിറ്റഡ് ജനുവരി 2020 മുതൽ ഗുണമേന്മയുള്ള വിവിധതരം കോഴിത്തീറ്റകളും ന്യായമായ വിലയിൽ, വിപണിയിൽ ലഭ്യമാക്കി വരുന്നുണ്ട്. കോഴിത്തീറ്റ ഉൽപാദനത്തിന് ഉപയോഗിക്കുന്ന എല്ലാ അസംസ്കൃത വസ്തുക്കളുടെയും വിലയിൽ അഭൂതപൂർവ്വമായ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. എന്നിരുന്നാലും ഒരു സർക്കാർ സ്ഥാപനമെന്ന നിലയിൽ കേരള ഫീഡ്സ് കോഴിക്കർഷക സമൂഹത്തോടുള്ള പ്രതിബദ്ധത മൂലം വിലകുറച്ച് കോഴിത്തീറ്റ വിതരണം ചെയ്തു വരുന്നു.

കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവ്വകലാശാലയുടെ ഫീഡ് മില്ലുകളിൽ ഉയർന്ന നിലവാരമുള്ള കോഴിത്തീറ്റ ഉത്പാദിപ്പിച്ചു വരുന്നുണ്ട്. കൂടാതെ സർവ്വകലാശാല കർഷകർക്ക് ലാഭകരമായ രീതിയിൽ കോഴി വളർത്തൽ നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടത്തിവരുകയും ചെയ്യുന്നു. കൂടാതെ കേരളത്തിലെ കോഴിയിറച്ചി ഉത്പാദന സംസ്കരണ മേഖലക്ക് കരുത്തു പകരുന്നതിന് അടുക്കള മുറ്റത്തെ മാതൃകാ ഇറച്ചി കോഴി വളർത്തൽ പദ്ധതിയായ "പ്രതീക്ഷ" സർവ്വകലാശാല നടപ്പിലാക്കി വരുന്നു.

| | | | |
|---|---|---|---|
| | | | കോഴിവിലയിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ ഉപഭോക്താക്കളിൽ സൃഷ്ടിക്കുന്ന അമിത ഭാരം ലഘൂകരിക്കുന്നതിന് ബദൽ നിർദ്ദേശമായാണ് വെറ്ററിനറി സർവകലാശാല ഈ പദ്ധതിയിലൂടെ മുന്നോട്ട് വയ്ക്കുന്നത്. നാടൻ കോഴിയിനങ്ങളെയും, മുട്ടക്കോഴി കുഞ്ഞുങ്ങളിലെ പൂവൻമാരെയും അടുക്കള മുറ്റത്ത് വളർത്തി, അവയ്ക്ക് തീറ്റയായി ഗാർഹിക മാലിന്യത്തിൽ വളരുന്ന കുഞ്ഞ് ലാർവ്വകളെ ഉപയോഗിക്കുന്ന രീതിയിലാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. സംസ്ഥാനത്തെ തിരഞ്ഞെടുത്ത പഞ്ചായത്തുകളിൽ കുടുംബശ്രീയുമായി കൈകോർത്ത് പരീക്ഷണാടി സ്ഥാനത്തിലാണ് പദ്ധതിയുടെ ആദ്യഘട്ടം നടപ്പിലാക്കിയത്. വീട്ടുമുറ്റത്ത് കോഴി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന പരിചയ സമ്പന്നരായ അമ്പത് കുടുംബശ്രീ അംഗങ്ങൾക്ക് പത്ത് നാടൻ കോഴിക്കുഞ്ഞുങ്ങളോ, പൂവൻ കോഴിക്കുഞ്ഞുങ്ങളോ, നൽകുകയും ഒപ്പം അവരുടെ വീടുകളിൽ ലാർവ്വകൾ ഉത്പാദിപ്പിക്കുന്ന ചെറുയൂണിറ്റുകൾ സജ്ജമാക്കി കൊടുക്കുകയും, ശാസ്ത്രീയമായുള്ള കോഴി പരിപാലനത്തിൽ പരിശീലനം നൽകുകയും ചെയ്തുവരുന്നു. സർവ്വകലാശാല തന്നെ ഗവേഷണത്തിലൂടെ ഉരുത്തിരിച്ചെടുത്ത ഗ്രാമശ്രീ ഇനം മുട്ടക്കോഴികളുടെ പൂവന്മാരും തലശ്ശേരി ഇനത്തിൽപ്പെട്ട നാടൻ കോഴിക്കുഞ്ഞുങ്ങളുമാണ് പദ്ധതിയ്ക്കായി ഉപയോഗിക്കുന്നത്. സർവ്വകലാശാലയിലെ ശാസ്ത്രജ്ഞർ ഗവേഷണത്തിലൂടെ തയ്യാറാക്കിയ "ബ്ലാക്ക് സോൾജിയർ ലാർവ്വ" ഉപയോഗിച്ചുള്ള മാലിന്യ നിർമാർജ്ജന യൂണിറ്റുകളാണ് കോഴികളുടെ തീറ്റയായി ഉപയോഗിക്കുന്നത്. രണ്ട് മുതൽ മൂന്ന് മാസംവരെ നീണ്ടുനിൽക്കുന്ന പരിപാലനത്തിന് ശേഷം ഇറച്ചിക്കോഴികളായി ഇവയെ വിപണനം നടത്താവുന്നതാണ്. കുടുംബശ്രീ നടപ്പിലാക്കുന്ന കേരളാ ചിക്കൻ പദ്ധതിയുമായോ തനതു ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റുകളായോ ഭാവിയിൽ ഈ പദ്ധതി ഏകോപിപ്പിക്കാം. കേരളം മുഴുവൻ ഈ പദ്ധതി നടപ്പിലാക്കാനും സാധിക്കും. കേരളത്തിലെ മാറി മാറി വരുന്ന ഇറച്ചിക്കോഴി വില സാധാരണക്കാരിലും കർഷകരിലുമു ണ്ടാക്കുന്ന ആഘാതങ്ങൾ ലഘൂകരിക്കുന്നതിനും, ബദൽ മാർഗ്ഗങ്ങൾ തയ്യാറാക്കുന്നതിനുമായി സർവ്വകലാശാല സംഘടിപ്പിച്ച ശില്പശാലയിലാണ് പ്രസ്തുത പദ്ധതി ആവിഷ്കരി ക്കപ്പെട്ടത്. |

സെക്ഷൻ ഓഫീസർ